**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1221** **11.06.2019 ൽ മറുപടിക്ക്**

**വടശ്ശേരിക്കരയിൽ പുതിയ പാലം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ശബരിമല പാതയിൽ വടശ്ശേരിക്കരയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്; നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി; ആരാണ് പാലം നിർമ്മാണ കരാർ എടുത്തിരിക്കുന്നത്; | (എ) | വടശ്ശേരിക്കരയിൽ പാലം നിർമ്മിക്കുന്നതിന് 14 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. 25.04.2017-ൽ സൈറ്റ് കൈമാറിയെങ്കിലും പണികൾ ആരംഭിച്ചിട്ടില്ല. കരാർ ഏറ്റെടുത്തിരിക്കുന്നത് ശ്രീ.എ. ഇബ്രാംഹിം കുട്ടി, വല്ല്യത്ത് ഹൗസ്, പുത്തൻചന്ത പി.ഒ. ചവറ, കൊല്ലം എന്നയാളാണ്. |
| (ബി) | അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ സ്ഥലത്തിന്റെ സർവ്വേ നമ്പരും അളവും വ്യക്തമാക്കാമോ; സ്ഥലമേറ്റെടുപ്പ് എന്ന് പൂർത്തീകരിക്കാനാകുമെന്നും പാലം നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും വിശദമാക്കുമോ?; | (ബി) | അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നമ്പർ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല. സർവ്വേ നമ്പരുകൾ ലഭ്യമാകുന്നതിനനുസരിച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ